**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2200** **13-09-2023 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ കേ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:-<br><br>6909 കിലോമീറ്റർ ബാക്ക്ബോൺ, 19970 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ, 372 പോയിന്റ് ഓഫ് പ്രെസൻസുകൾ, നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി / നോൺ ഐറ്റി സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>27,995 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18,442 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 4051 കുടുംബങ്ങൾക്ക് ഇതുവരെ കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകിയിട്ടുണ്ട്.<br><br>കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി.1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്. |
| (ബി) | പട്ടാമ്പി മണ്ഡലത്തിലെ ഒരോ പഞ്ചായത്തിലും നൂറ് വീട്ടുകൾക്ക് സൗജന്യമായി കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി ഓരോ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച അപേക്ഷകളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | കെ-ഫോൺ പദ്ധതിയുടെ ആദ്യഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് വീതം ആകെ 14,000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ ആണ് തീരുമാനിച്ചിരുന്നത്. പട്ടാമ്പി മണ്ഡലത്തിലെ 100 ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും 34 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ട്. ബാക്കി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | അപേക്ഷിക്കുന്ന എല്ലാവർക്കും കണക്ഷൻ നൽകാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കെ-ഫോൺ പദ്ധതിയുടെ ആദ്യഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് വീതം ആകെ 14,000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ ആണ് തീരുമാനിച്ചിരുന്നത്. പട്ടാമ്പി മണ്ഡലത്തിലെ 100 ഗുണഭോക്താക്കളുടെ പട്ടികയിൽ നിന്നും 34 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ട്. ബാക്കി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>കെ-ഫോൺ കണക്ഷൻ കൈകാര്യം ചെയ്യുന്നതിന് സൗകര്യമൊരുക്കുന്നതിനായി എന്റെKFON (enteKFON) എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിലും iOS ആപ്പ് സ്റ്റോറിലും ലഭ്യമാണ്. ആപ്ലിക്കേഷൻ മുഖേന രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കളെ ബന്ധപ്പെട്ട് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്. ഫൈബർ-ടു-ഹോം കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ് വർക്ക് ദാതാവിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടികൾ പൂർത്തീകരിച്ച ശേഷമേ വീടുകളിലേക്കുള്ള വാണിജ്യ കണക്ഷൻ നൽകി തുടങ്ങാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ